# സദ്ഗമയ



# *DIGITAL MAGAZINE*

## 2018-2019

<u>NKM GOVT HSS DHANUVACHAPURAM</u>

# *ലിറ്റിൽ കൈറ്റ്സ് കുട്ടികൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ*

NKM GOVT HSS DHANUVACHAPURAM

# ലിറ്റിൽ കൈറ്റ്സ് കുട്ടികൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ




വിരൽത്തുമ്പിലെത്തിയ വിജ്ഞാനശൃംഖലയിൽ കണ്ണിചേരാൻ

വിദ്യാർത്ഥികളേയും പ്രാപ്തരാക്കുന്ന 'ലിറ്റിൽ കൈറ്റ്സ്' കുട്ടിപ്പട്ടങ്ങളായി പറന്നുപറന്ന് അനന്തവിഹായസ്സിൽ

കൊടിനാട്ടി, നാടിന്റെ മുഖമുദ്രയായി മാറട്ടെ എന്ന്

ആശംസിക്കുന്നു.

# ലിറ്റിൽ കൈറ്റ്സ് കുട്ടികൾ



# TYPING TEAM



# EDITING TEAM



താളുകളിലൂടെ........

1. പ്രപഞ്ചസവികാസത്തിന്റെ വേഗം
2. ക്വിസ്സ്
3. ശാസ്ത്രം മനുഷ്യന് നൽകുന്ന അനുഗ്രഹങ്ങളും ആപത്തുകളും
4. മഹത് വചനങ്ങൾ
5. മഴച്ചൊല്ല്
6. വിദ്യ
7. ചാണക്യൻ
8. കൗശലൻ ഒരു പാഠം പഠിച്ചു.........
9. SUHASH CHANDRA BOSE
10. ബുൾബുൾ പക്ഷികൾ
11. ഗലീലിയോ ഗലീലി
13. ഗാന്ധി ക്വിസ്
14. ANNE FRANK
15. ഗണിത ക്വിസ്
16. ചിത്രങ്ങളിലൂടെ

# പ്രപഞ്ച വികാസത്തിന്റെ വേഗം

വികസിച്ചുകൊണ്ടിരിക്കുകയാണ് പ്രപഞ്ചം എന്നാൽ ഈ വികാസം നാം മുൻപ് കരുതിയിരുന്നതിലും ത്വരിതഗതിയിൽ ആണെന്നാണ് വിദൂരസൂപ്പർനോവകളെ [പൊട്ടിത്തെറിക്കുന്ന നക്ഷത്രങ്ങൾ]നിരിക്ഷിച്ച ഹബിൾ നൽകിയ വിവരങ്ങൾ അടിവരയിട്ടുരുന്നത്. ഇരുണ്ട ഊർജമാണ് [Dark energy] പ്രപഞ്ച വികാസനത്തിന് ഇന്ധനമാവുന്നത് എന്ന സൂചനയും നൽകി. വിദൂരതയിലുള്ള സൂപ്പർ നോവകളിൽ നിന്നുള്ള പ്രകാശം പ്രതീക്ഷിച്ചതിനേക്കാൾ മങ്ങിയതാണെന്ന് 1998-ൽ ശാസ്ത്രജ്ഞർ നിരീക്ഷിച്ചിരുന്നു. കണക്കുകൂട്ടിയതിലും ഏറെ അകലെയാണ് അവയുടെ സ്ഥനമെന്ന സൂചനയായിരുന്നു അത് 1000 കോടി പ്രകാശവർഷം വരെ അകലെയുള്ള സൂപ്പർ നോവകളെ നിരീക്ഷിച്ച് ഹബിൾ ടെലിസ്കോപ്പ് പ്രപഞ്ചത്തിന്റെ ത്വരിത വികാസവും അതിൽ ഇരുണ്ട ഊർജ്ജത്തിന്റെ സ്വാധീനവും സംബന്ധിച്ച വ്യക്തമായ തെളിവുകൾ നൽകി.

ADITHYA ,9

# ക്വിസ്

1.സൂര്യൻ കഴിഞ്ഞാൽ ഭൂമിയോട് ഏറ്റവും അടുത്ത നക്ഷത്രം ?

പ്രോക്സിമസെന്റോറി

2.ആദ്യമായി ബഹിരാകാശയാത്ര നടത്തിയ വനിത ?

വാലന്റീന തെരഷ്ക്കോവ

3.ബഹിരാകാശത്തിൽ ആദ്യമായി നടന്ന വ്യക്തി ?

അലക്സി ലിയണോവ്

4.പ്രാചീന റോമാക്കാർ ചന്ദ്രന നൽകിയ വിളിപ്പേര് ?

ലൂന

5.ബഹിരാകാശത്ത് സഞ്ചരിച്ച ആദ്യ ഇന്ത്യാക്കാരൻ ?

രാകേശ് ശർമ്മ

6.സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രം സ്ഥിതിചെയ്യുന്നതെവിടെ

ശ്രീഹരിക്കോട്ട [ആന്ധ്ര]

7. ഇന്ത്യയുടെ ആദ്യ ഉപഗ്രഹം ?

ആര്യഭട്ട

-NIYA ,9

## ശാസ്ത്രം മനുഷ്യന നൽകുന്ന അനുഗ്രഹങ്ങളും ആപത്തുകളും

-------------------------------------------------------------

ശാസ്ത്രം മാനവന നൽകിയ ഗുണങ്ങൾവകണക്കറ്റതാണെന്നു സമ്മതിക്കാതെ വയ്യ.ഇന്ന് അവൻ അനുഭവിക്കുന്ന എല്ലാസൗകര്യങ്ങളും ശാസ്ത്രം നൽകിയതുതന്നെ. ഉണരുമ്പോൾ മുതൽ ഉറങ്ങുന്നതുവരെയും ഉറക്കത്തിലും ശാസ്ത്രത്തിന്റെ കൈത്താങ്ങിലാണ മനുഷ്യൻ. ശാസ്ത്രം കൈപിടിച്ചു നടത്താത്ത ഏതെങ്കിലും മേഖല അവന്റെ മുന്നിൽ അവശേഷിക്കുന്നുണ്ടോ* പ്രഭാതത്തിൽ അവൻ ഉണരുമ്പോൾ ലോകത്തിലെ വാർത്തകൾ മുഴുവൻ ചെവിയിലെത്തിക്കുന്ന റേഡിയോ, ദൃശ്യരൂപത്തിൽ നൽകുന്ന ടെലിവിഷൻ, വായിക്കുവാൻ എത്തുന്ന പത്രം,ദന്തധാവനത്തിനുള്ള വസ്തുക്കളും ഉപകരണങ്ങളും വസ്ത്രങ്ങൾ, സഞ്ചരിക്കാനുള്ളവാഹനങ്ങൾ,വഴിനീളെ സംസാരിക്കാനുള്ള ഫോണുകൾ,ഉച്ചഭക്ഷണം എന്നുവേണ്ടാ മനുഷ്യജീവിതത്തിൽ ശാസ്ത്രം ഒപ്പം നിൽക്കാത്ത ഒരിടം പോലുമില്ല.

മനുഷ്യരാശിക്ക് ഇത്രയും പ്രയോജനം ചെയ്ത മറ്റൊന്നും ലോകത്തിലില്ലെന്നു പറയാം. വേദനയെ മനുഷ്യൻ വരുതിയിലാക്കി.പ്രായത്തെ കൈപ്പിടിയിലൊതുക്കി.സമയം അവന്റെ മുന്നിൽ തോറ്റു. ദൂരം അവന്റെ മുന്നിൽ പ്രണമിച്ചു. ഇപ്പോൾ കാലത്തെ അതിജീവിക്കാനുള്ള തിരക്കിലാണവൻ.മനുഷ്യശരീരത്തിലെ അവയവങ്ങൾക്കു കേടുവന്നാൽ മാറ്റിവയ്ക്കാം, പുതിയവ തുന്നിച്ചേർക്കാം, അസ്ഥികൾ ഉരുക്കി

ഒട്ടിക്കാം, ഹൃദയവാൽവുകൾ മാറ്റിവയ്ക്കാം. ശാസ്ത്രം അന്വേഷണമാണ് കറകളഞ്ഞ, നീക്കുപോക്കില്ലാത്ത അന്വേഷണം.അന്വേഷണം ജിജ്ഞാസയാണ്. ജിജ്ഞാസ പൂർണ്ണമാകുന്നത് കർമ്മത്തിലാണ് ശാസ്ത്രം കർമ്മമാണ്.

ശാസ്ത്രത്തിന്റെ സൃഷ്ടിഗുണവും സംഹാരദോഷവും ഒന്നിച്ചനുഭവിക്കാനാണു മാനവന്റെ ശിരസ്സെഴുത്ത്. ലോകത്തിൽ മനുഷ്യനു മാത്രമേ ശാസ്ത്രദോഷങ്ങൾ പടിപടിയായി അനുഭവിക്കേണ്ടി വരുന്നുള്ളൂ. മറ്റു ജീവജാലങ്ങൾ ഏറെക്കുറെ പ്രകൃതിയോടിണങ്ങിക്കഴിയുന്നതിനാൽ മനുഷ്യന് അനുഭവിക്കേണ്ടി വരുന്ന ദോഷങ്ങൾ അത്രകണ്ട് അവരെ ബാധിക്കുന്നില്ല. ശാസ്ത്ര വിപ്ലവം അരങ്ങേറിയ അമേരിക്ക പോലുള്ള വൻകിടരാഷ്ട്രങ്ങൾ ഇന്നനുഭവിക്കുന്ന ദുസ്ഥിതി ശാസ്ത്രത്തിന്റെ പരാജയമാണ് കാണിക്കുന്നത്. അമേരിക്കയിലെ ജനങ്ങളാണു ലോകത്ത് ഏറ്റവും കൂടുതൽ കാറുകൾ ഉപയോഗിക്കുന്നത്. ഉപയോഗിക്കാനാവാത്ത വാഹനങ്ങൾ കളയാൻ ഇടമില്ലാതെ വിഷമിക്കുന്ന അമേരിക്കകാർ വാഹനങ്ങൾ സമുദ്രത്തിൽ തള്ളുന്നു. അതുമൂലമുണ്ടാകുന്ന മലിനീകരണം ലോകത്തെ ആശങ്കയിലാക്കുന്നു. അന്തരീക്ഷമലിനീകരണം ഏറ്റവും കൂടുതൽ ഉണ്ടാ കുന്നത് വാഹനങ്ങളിൽ നിന്നാണെന്ന് അറിയാമല്ലോ...... ഓരോ ദിവ സവും ടൺ കണക്കിനു കാർബൺമോണോക്സൈഡാണു വാഹനങ്ങൾ വിസർജിക്കുന്നത്. വിഷമയമായ അന്തരീക്ഷവായു ശ്വസിക്കുന്ന ജീവജാ

ലങ്ങൾ നിരവധി രോഗങ്ങൾക്കടിമയാകുന്നു.
കാർബൺഡൈഓക്സൈഡിന്റെ ആധിക്യം അന്തരീക്ഷത്തിലെ താപനിലയിൽ മാറ്റം വരുത്തുന്നു. താപനില കൂടുന്നതിനനുസരിച്ച് ഭൂമി ഊഷരമാകുന്നു. ആഗോളതാപനം പച്ചപ്പിനു ഹാനിയായിത്തീരുന്നു

വെടിമരുന്നിന്റെ കണ്ടുപിടിത്തം ലോകത്തെ മാറ്റിമറിച്ചു.പാറകൾ പൊട്ടിക്കാനും മണ്ണു പൊടിച്ചുമാറ്റാനും ആദ്യം വെടിമരുന്ന് ഉപയോഗിച്ചു എത്ര പെട്ടെന്നാണ് മനുഷ്യരാശിക്കു ഭീഷണിയായി വെടിമരുന്നു മാറിയത്! സുരക്ഷിതമായി സാധനങ്ങൾ കൊണ്ടു പോകാനും ആഡംബര വസ്തുക്കൾ പൊതിഞ്ഞു സൂക്ഷിക്കാനുമാണു നാം പ്ലാസ്റ്റിക്ക് ഉപയോഗിച്ചത്. എന്നാൽ, ഇന്നു ലോകം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണു പ്ലാസ്റ്റിക്ക് നിർമാർജനം.

ശാസ്ത്രത്തിന്റെ ശക്തിയാണു ജനസംഖ്യ വർദ്ധിക്കാൻ കാരണം. മനുഷ്യനൊഴിച്ചു മറ്റു ജീവജാലങ്ങളെല്ലാം പ്രകൃതിയുടെ അനുസരണത്തിലാണ്. എന്നാൽ മനുഷ്യൻ പ്രകൃതിയിൽ നിന്ന് അകന്നു അവൻ കണ്ടുപിടിത്തങ്ങളുടെ സുൽത്താനായി. ക്രമേണ സ്വാർത്ഥനായി ആ സ്വാർത്ഥത ജീവിത്തിലുടനീളം അവൻ കാണിക്കുന്നു. ജീവൻരക്ഷാ മരുന്നുകൾ ധാരാളം. അവ ശാസ്ത്രത്തിന്റെ കണ്ടുപിടിത്തമാണ്. പ്രായമേറിയാലും മരുന്നുകളുടെ സഹായത്തോടെ മനുഷ്യൻ ജീവിക്കുന്നു

ഭൂമി തന്റെ നിലനില്പിനാവശ്യമായതെല്ലാം കരുതിയിട്ടുണ്ടെന്നാണു വിശ്വാസം. അമിത ചൂഷണം ഇല്ലാതാക്കുന്ന

പ്രകൃതി വിഭവങ്ങൾ പുനർസൃഷ്ടിക്കാൻ ഭൂമിക്കു നൂറ്റാണ്ടുകൾ വേണം എണ്ണ,കൽക്കരി,ഇരുമ്പ് തുടങ്ങിയവ ഉപയോഗിച്ചു തീർന്നാൽ എന്തെന്ന ചോദ്യം മുന്നിലുണ്ട്. വ്യാവസായിക പുരോഗതി ആധുനിക മനുഷ്യന്റെ സുഖം വർദ്ധിപ്പിച്ചിട്ടുണ്ടെന്നതു സത്യമാണ്. എന്നാൽ അതിലധികം ദോഷവും സംഭാവന ചെയ്തിട്ടുണ്ടെന്നു പറയാതെ വയ്യാ. എല്ലാ തരത്തിലു മുള്ള മലിനീകരണവും ശാസ്ത്രത്തിന്റെ സന്തതിയാണ്.

ശാസ്ത്രത്തിന്റെ കൈത്താങ്ങ് ഇന്നത്തെ മനുഷ്യന് അപരിമേയമായ സ്വാതന്ത്ര്യം നൽകി. ആ സ്വാതന്ത്ര്യം അവനെ യാന്ത്രികനാക്കി. മനുഷ്യനിൽ വളർന്നു വരേണ്ട സാത്വിക വികാരങ്ങൾ തകർന്നു. യന്ത്രമായി മാറിയ മനുഷ്യനിൽ ആന്തരിക വളർച്ച കുറഞ്ഞു പാരസ്പര്യം എന്ന ഗുണം അവനില്ലാതെയായി. സാഹോദര്യത്വം നഷ്ടപ്പെട്ടു.  ആധുനിക ശാസ്ത്രം നൽകിയ ഏറ്റവും വലിയ അധോഗതി ഇതാണ്.

SRUTHY,8

# മഹത് വചനങ്ങൾ

1.അഹിംസയും സത്യവും എന്റെ രണ്ട് ശ്വാസകോശങ്ങൾ പോലെയാണ്. അവകൂടാതെ എനിക്ക് ജീവിക്കുക സാധ്യമല്ല.

-ഗാന്ധിജി.

2.ജീവിച്ചിടത്തോളം മാത്രമേ എനിക്ക് അറിവുള്ളൂ.

-എമേഴ്സൺ

3.ആത്മാവിന്റെ രോഗമാണ് അസൂയ.

-ബിച്ചർ.

4.വിഡ്ഢികളുടെ നിഘണ്ടുവിലെ വാക്കാണ് അസാധ്യം.

-നെപ്പോളിയൻ

5.മറ്റുള്ളവരി അസൂയ ജനിപ്പിക്കാൻ കഴിയാത്തവൻ ഒരിക്കലും പൂർണതൃപ്ത നല്ല.

-എയ്സ്കിലസ്

6.വിശ്വാസം ഒരുത്തനെ മതത്തോട് അടുപ്പിക്കുമ്പോൾ അറിവ് അവനെ മതത്തിൽ നിന്നകറ്റി നിർത്തുന്നു.

-മാർക് ട്വെയിൻ

7.അല്പൻമാർക്കാണ് ആഡംബരം കൂടുതൽ ഓട്ടുപാത്രത്തെപ്പോലെ ശബ്ദം സ്വർണ്ണപ്പാത്രം ഉണ്ടാക്കുന്നില്ലല്ലോ.

-കെ.സി. കേശവപ്പിള്ള

MALU,9

# മഴച്ചൊല്ല്.

***********

1. ചിങ്ങത്തിലെ മഴ ചിണുങ്ങിച്ചിണുങ്ങി.
2. മഴയെന്നുകേട്ടാൽ പാടം പേടിക്കുമോ?
3. കുംഭത്തിൽ മഴ പെയ്താൽ കുപ്പയിലും െനല്ല്.
4. മകരത്തിൽ മഴ പെയ്താൽ മലയാളം മുടിയും.
5. ഇടവപ്പാതി കഴിഞ്ഞിട്ടും മഴ എത്താത്തത്
6. മുച്ചിങ്ങം മഴയില്ലെങ്കിൽ അച്ചിങ്ങം മഴയില്ല
7. ചോതി വർഷിച്ചാൽ ചോറ്റിനു പണമില്ല.
8. പൂയത്തിൽ മഴപെയ്താൽ പുല്ലിലും നെല്ല്.
9. തിരുവാതിരയിൽ തിരിമുറിയാതെ.
10. പുണർതത്തിനു പുഴവെള്ളം കയറ്റം.
11. മഴപെയ്താൽ നിറയാത്തത് കോരിയൊഴിച്ചാൽ നിറയുമോ?
12. മഴവീണാൽ സഹിക്കാം, ആകാശം വീണാലോ

AKSHAYA,9

# വിദ്യ

* വിദ്യാധനം സർവധനാൽ പ്രധാനം.
* വിദ്യക്കു മുമ്പിൽ വാതിലില്ല.
* വിദ്യയിൽ നിന്നു വിനയം
* വിദ്യക്കു ലജ്ജയില്ല.
*വിദ്വാനെ വിദ്വാനെയറിയുകയുള്ളൂ.
*വിദ്യാഹീന: പശു.
* പഠിക്കും കാലം പാഴാവില്ല.
* പഠിക്കും മുമ്പേ പണിക്കരാകരുത്.
* പഠിച്ചതു പറയാനല്ല, പയറ്റാനാണ്.
* പഠിച്ചോൻ പയറ്റാൻ മടിക്കുന്നേടത്തു പറങ്ങോടൻ കയറി നിറങ്ങും.
* പഠിച്ചതും പഠിക്കാത്തതും ഒരുപോലെയായാൽ പഠിത്തം നിർത്താം.

MOHITHA,9

# ചാണക്യൻ

തക്ഷശിലയിലെ  ഒരു സാധാരണ ബ്രാഹ്മണ കുടുംബത്തിലാണ് ചാണക്യൻ ജനിച്ചത്. വിഷ്ണുഗുപ്തനെന്നാണ് യഥാർത്ഥ നാമം. കുശാഗ്രബുദ്ധിയായതിനാൽ കൗടില്യൻ എന്നും അറിയപ്പെട്ടിരുന്നു. തക്ഷശിലയിലായിരുന്നു പ്രാഥമിക വിദ്യാഭ്യാസം ബുദ്ധിശാലിയും ക്രാന്തദർശിയുമായ ചാണക്യൻ രാഷ്ട്രീയ മീമാംസ,നയതന്ത്രജ്ഞാനത,ധനശാസ്ത്രം എന്നിവയിൽ പാണ്ഡിത്യം നേടിയിരുന്നു.ചന്ദ്രഗുപ്തമൗര്യൻെറ സുഹൃത്തും ആത്മീയാചാര്യനും ആയിരുന്നു അദ്ധേഹം . അക്കാലത്തെ ഭരണസംവിധാനങ്ങളെക്കുറിച്ചും ചരിത്രവസ്തുതകളെക്കുറിച്ചും അറിവ് നൽകുന്ന അർത്ഥശാസ്ത്രത്തിൻെറ കർത്താവാണ് കൗടില്യൻ .ഒരു സന്യാസിയായിരുന്ന ചാണക്യൻ രാജകൊട്ടാരത്തോടു ചേർന്നുള്ള ഒരു കുടിലിലാണ് താമസിച്ചിരുന്നത്

GEETHU,9

# കൗശലൻ ഒരു പാഠം പഠിച്ചു......

വലിയ സൂത്രക്കാരനായിരുന്നു കാട്ടിലെ രാജാവായ സിംഹച്ചാർ.എന്നാൽ ഈ കഥയിലെ സിംഹച്ചാർക്ക് വയസ്സായി. ഇര പിടിക്കാനുള്ള ശേഷിയൊന്നും ഇപ്പോൾ ഇല്ല. പല സൂത്രങ്ങളും പ്രയോഗിച്ചാണ് സിംഹച്ചാർ ആഹാരം തേടുന്നത്.

ഒരു ദിവസം ഒരു മുയൽ അതുവഴി പോകുന്നത് സൂത്രക്കാരനായ സിംഹം കണ്ടു. ആ മുയൽ കാരറ്റ് കാർന്നുതിന്നുന്നതു കണ്ട് സിംഹം വിചാരിച്ചു.ഇന്നത്തെ ആഹാരം ഇവൻ തന്നെ. സിംഹം മുയലിനെ വിളിച്ചു. മുയൽ സിംഹത്തിന്റെ അടുത്തു ചെന്നു. അപ്പോൾ സിംഹത്തിന്റെ കൗശലം എന്തെന്നു മുയലിനു മനസ്സിലായി. സിംഹം മുയലിനെ പുകഴ്ത്താൻ തുടങ്ങി. എന്തു മനോഹരമാണ് നിന്നെക്കാണാൻ. അതിനു ശേഷം മുയലിന്റെ വീട്ടിലേക്കു സിംഹം പോകുകയും ചെയ്തു. വീട്ടിൽ മറ്റാരെങ്കിലും ഉണ്ടോ എന്ന്  സിംഹം ചോദിച്ചപ്പോൾ, എന്റെ സുഹൃത്തു വന്നിട്ടുണ്ടെന്നു മുയൽ പറഞ്ഞു.

സിംഹത്തിന് ഒരുപാടു സന്തോഷമായി. അവൻ അകത്തുണ്ട്, ചെന്നു കാണൂ.... മുയൽ പറഞ്ഞു. സിംഹം മനസ്സിൽ വിചാരിച്ചു, ആദ്യം അവനെ, ശേഷം ഇവനെയും, സിംഹം കരുതി.വൈകാതെ സിംഹം അകത്തേക്കു പ്രവേശിച്ചു. എന്നാൽ അതു

മുയലിന്റെ വീടായിരുന്നില്ല, അത് ഇരുട്ട നിറഞ്ഞ ഗുഹയായിരുന്നു സിംഹം കയറിയ ഉടനെ മുയൽ വാതിലടയ്ക്കുകയും സിംഹം അതിനുള്ളിൽ അകപ്പെട്ടുകയും ചെയ്തു. അപ്പോഴാണ സിംഹം ചിന്തിച്ചത്, കൗശലം കൊണ്ട് ഒന്നും നടക്കുകയില്ല.

ANEESHA,8

# SUBHASH CHANDRA BOSE

Netaji Subhash Chandra Bose [23 january 1897-18 august]was an Indian nationalist whose defiant patriotism made him a hero in India but whose attempt during world war ll to rid of British rule with the help of Nazi Germany and imperial . Japan left an ambivalent legency. The honourific Netaji, the name granted to him in the early 1940s by the Indian soldiers of the Indische legion and by theGerman and Indian officials in thespecial bureau for India in Berlin,was aterused throughout India.

Bose had been a leader of the youngers,radical,wing of the Indian National Congress in the 1920s and 1930s,rising to became Congress President in 1938 and 1939.However, he was ousted from congress leadership position in1939 following differences with Mahatma

Gandhi and the congress highcommand. He was subsequently placed under house arrest by the British before escaping from India in 1940.

With Japanese support, Bose re ramped theIndian National Army(INA) thencomposed of Indian Soldiers of the British Indian Army who had been captured in theBattle of Singapore. However, Bose was regarded by Japanese as being militarily un skilled, and his military effort was short-lived. In late 1944.

AKSHAY,9

# ബുൾ ബുൾ പക്ഷികൾ

കലപില കൊഞ്ചീടും
ബുൾബുൾ പക്ഷികളേ
തലയിൽ തൊപ്പിയെഴും
ബുൾ ബുൾ പക്ഷികളേ
കൂടു ചമപ്പാനോ
കൂടിയൊരുത്സാഹം?
ഞങ്ങളെ തോട്ടത്തിൽ
തിങ്ങും മുല്ലകളിൽ
കൂടു ചമയ്ച്ചോളൂ
പാടിയിരുന്നോളൂ
കളകളമാക്കണ്ടും
കാതിനു കൽക്കണ്ടം.

ATHIRA,9

# ഗലീലിയോ ഗലീലി

ജനനം- 1564 ഫെബ്രുവരി 15

മരണം- 1642 ജനവരി 8

മൂഢവിശ്വാസങ്ങളിൽ മുഴുകിയിരുന്ന മതാധികാരികളേയും ജനങ്ങളേയും കണ്ണ് തുറപ്പിക്കാൻ പോന്നവയായിരുന്നു ഗലീലിയോ ഗലീലിയുടെ കണ്ടുപിടിത്തങ്ങൾ. പ്രപഞ്ചത്തിന്റെ കേന്ദ്രം ഭൂമിയാണെന്നതായിരുന്നു പരമ്പരഗത വിശ്വാസം. എന്നാൽ ഈ വിശ്വാസം തെറ്റാണെന്നും സൂര്യനും അതിനെ ചുറ്റി സഞ്ചരിക്കുന്ന ഗ്രഹങ്ങളും നക്ഷത്രങ്ങളും നിറഞ്ഞ ക്ഷീരപഥത്തിന്റെ ഒരു ഭാഗം മാത്രമാണ് ഭൂമിയെന്നും അദ്ദേഹം സമർത്തിച്ചു. പരമ്പരാഗത വിശ്വാസങ്ങളെ തകർക്കുന്ന ഇതരം കണ്ടുപിടുത്തങ്ങൾ മതാധികാരികളെ പ്രകോപിപ്പിച്ചു. 1606 - ൽ ലെൻസുകൾ ക്രമീകരിച്ച് ഗലീലിയോ ആദ്യത്തെ ടെലിസ്കോപ്പ് നിർമ്മിച്ചു.1632 - ൽ പ്രസിദ്ധീകരിച്ച

ദ ഡയലോഗ് ഓഫ് ദ റ്റൂ പ്രിൻസിപ്പൽ സിസ്റ്റംസ് ഓഫ് ദ വേൾഡ്എന്ന പുസ്തകത്തിലെ നിഗമനങ്ങൾ. സത്യവിരുദ്ധമെന്ന് വിധിച്ച് സദാധികാരികൾ ഗലീലിയെ ആജീവനാന്തംവീട്ടു തടങ്കലിലാക്കി

VISMAYA,6

# ഗാന്ധി ക്വിസ്

1.ജോഹന്നാസ്ബർഗിലെ ഗാന്ധിജിയുടെ ഓഫീസ് ചുമരുകൾ നാലു ചിത്രങ്ങളാൽ അലംക്രതമായിരുന്നു.ഇതിൽ മൂന്ന് എണ്ണം റാനഡെ, മിസ്സിസ് ബസന്റ് ഡബ്ല്യൂ.ഡബ്ല്യൂ. ഹണ്ടർ എന്നിവരുടെ ചിത്രങ്ങളായിരുന്നു നാലാമത്തേത് ആരുടെ ചിത്രമായിരുന്നു

2.ഗാന്ധിജി ലണ്ടൻ മെട്രിക് പരീക്ഷ ഏതു മാസത്തിലാണ് വിജയിച്ചത്?

ജ്ജൂൺ

3.മഹാത്മാഗാന്ധിയുടെ പ്രൈവറ്റ് സെക്രട്ടറിയായി ആരാണ് പ്രവർത്തിച്ചിരുന്നത്,?

മഹാദേവ ,ദേശയ്

4.ഗാന്ധിജി,ദക്ഷിണാഫ്രിക്കയിൽ എവിടെ വൊച്ചായിരുന്നു യൂറോപ്യന്മരെയും ഇന്ത്യക്കാരെയും ഒന്നിപ്പിക്കുവാനും വിദ്യാഭ്യാസംചെയ്യിക്കുവാനും ഇന്ത്യൻ ഒപീനീയൻ ആഴ്ചപ്പതിപ്പ് ആരംഭിച്ചത്?

ഫീനിക്സിൽ

5.എല്ലാവർക്കും അവരവരുടെ ജോലി ചെയ്ത് ഉപജീവനം കഴിക്കാൻ തുല്യാവകാശമുണ്ട് ആ നിലയ്ക്ക് അഭിഭാഷകൻെറ ജോലിക്കും ക്ഷുരകൻെറ ജോലിക്കും ഓരേ വിലയാണുള്ളത് ഈ ആശയം ഗാന്ധിജി വ്യക്തമായി മനസ്സിലാക്കിയത് ഏതു ഗ്രന്ഥത്തിൽ നിന്നാണ് ?

ജോൺറസ്കിൻ ന്റെ   അൺറ്റു ദിസ് ലാസ്റ്റ്.

6.ഗാന്ധിശിക്ഷൺ ഭവൻ' എവിടെയാണ് ?

ബോംബെ

7.യുദ്ധം അവസാനിപ്പിക്കാൻ, മനുഷ്യരാശിയുടെ പേരിൽ ഞാൻ നിങ്ങളോടഭ്യർത്ഥിക്കുന്നു.1941 ഡിസംബറിൽ ഗാന്ധിജി ഒരു ഏകാധിപതിക്കെഴുതിയ കത്തിലെ പ്രസകതഭാഗം . ആരാണ് ഈ ഏകാധിപതി ?

ഹിറ്റ്ലർ

SETHU KRISHNA,9

# ANNE FRANK

Anne Frank was born Annelies marie frank on june 12,1929,in Frankfurt, Germany. Annes mother was Edith Frank. Anne also had a sister named Margot,who was three years her senior. Annes father, Otto Frank, was a lieutenant in the Germany army during world War 1, later becoming a buisness man in Germany and the Netherlands. He was the only member of his immediate family to survive the concentration camp. At the end of the war,he returned home to Amsterdam, searching desperately for news of his family. On July 18,1945hemet two sisters who had been with Anne and Margot at Bergen-Belsen and delivered the tragic news of their deaths.

Anne Frank was a world famous German-born diarist World War11holocaust victim. Her work,The Diary Of Anne Frank,has gone on to be read by millions. Feeling Nazi persecution of Jews,the family moved to Amsterdam and later went into hiding for two years. During this time,Frank wrote about her experiences and wishes. She was 15 when the family was found and sent to concentration camps,where she died. The Franks were a typical upper middle class German-Jewish family living in a quiet, religiously diverse neighbour hood near the outskirts of Frankfurt. However,Anne Frank was born on the eve of dramatic changes in Germany society that would soon distrupt her family's happy, tranquil life as well as the lives of all other German Jews.

Due in large part to the harsh sanctions imposed on Germany by the 1919 treaty of versallies that ended World war 1, the German economy struggled terribly in the 1920s. During the late 1920s and early 1930s, the virulently workers party led by Adolph Hitler became Germany leading political force, winning control of the government in 1933.

Anne frank died sometimes in march 1945,only a few weeks before British soldiers liberated the concentration Camp where she was interned.

JOB .K . BABU,9

# ഗണിത ക്വിസ്

1.രണ്ടക്ക സംഖ്യകളിൽ എത്ര ഒറ്റ സംഖ്യകൾ ഉണ്ട് ?

45

2.അഭാജ്യ ഇരട്ടസംഖ്യ ഏത്?

2

3. 10 c.m. ചുറ്റളവുള്ള ഒരു സമചതുരത്തെ ഒരേ വലുപ്പമുള്ള സമചതുരങ്ങളായി ഭാഗിച്ചാൽ ഒരോ സമചതുരത്തിന്റെയും എത്രയായിരിക്കും ?

20 .c.m

4.രോമൻ അക്കത്തിൽ 1000 നെ സൂചിപ്പിക്കുന്നത് എങ്ങനെ

M

5.1 മുതൽ 1000 വരെ എഴുതുമ്പോൾ ഏറ്റവും കുറച്ച് പ്രാവശ്യം മാത്രം ഉപയോഗിക്കുന്ന അക്കം ഏത്?

0

6.രണ്ട് സംഖ്യകളുടെ തുക 10 വ്യത്യാസം ഏതെല്ലാം?

6,4

7.ഒരാളുടെ ജനനതീയതി 29.2.1988 ആണ് 2012-ൽ അയാളുടെ എത്രാമത്തെ ജന്മദിനമാണ്?

ഏഴാമത്തെ

8.50-ാം വാർഷികം ഏത് പേരിലാണ് അറിയപെടുന്നത്?

സുവർണ്ണ ജൂബിലി

9.2012-ലെ മാസങ്ങളിൽ തുടങ്ങുന്നതും അവസാനിക്കുന്നതും ഒരേ ആഴ്ച വരുന്ന മാസം ഏതാണ്?

ഫെബ്രുവരി

10.1 നം100 നം ഇടയിൽ ആകെ എത്ര 5 ൻ ഗുണിതങ്ങൾ ഉണ്ട്?

19

ADITHYAN,9

# വിനോദ യാത്ര


SILVER STORM
WATER THEME PARK
ATHIRAPILLY
SNOW STORM
Kerala's Only Snow Park

# ഉപജില്ലാ വിജയികൾ



# വായനാദിനാഘോഷം



# JRC UNIT



# അധ്യാപകർ



# Scout and guides





VIII A
Ebanya. S.S


Suryagayathri
VI
NKM Govt

KITE MASTER




SUNILKUMAR.A

KITE MISTRESS



SINDHU.A.V

# *SPECIAL THANKS*

1.PRABHA KUMARI (OUR MALAYALAM TEACHER)

2.AKSHAY R S (OUR LITTLE KITE)

3.AJITH M S (OUR CAMERA MAN)

4.NIYA J VIPIN

5.ADHITIYAN

6.SUNIL KUMAR(OUR HEALTH AND PHYSICAL EDUCATION SIR)



*THANK*

*YOU*